## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 525** — **28.02.2017-ൽ മറുപടിയ്ക്ക്**

### <u>കെ. എസ്. എഫ്. ഇ. യിലെ പെൻഷൻ പ്രായം</u>

| | <u>ചോദ്യം</u><br><br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | <u>മറുപടി</u><br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ. എസ്. എഫ്. ഇ. യിലെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തിയിരിക്കെ, സർക്കാരിന്റെ നയത്തിന് വിരുദ്ധമായി പെൻഷൻ പ്രായം കഴിഞ്ഞ നിരവധി ജീവനക്കാർ കെ.എസ്.എഫ്.ഇ. യിൽ തുടരുന്നത് കാരണം തൊഴിൽരഹിതരായ യുവജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്ക പരിഹരിക്കാമോ; | (എ)<br>&<br>(ബി) | കെ.എസ്.എഫ്.ഇയിലെ എൻട്രി കേഡർ തസ്തികകളായ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനം ആധാരമാക്കിയാണ്. ഓരോ ബിസിനസ്സ് പുനരവലോകന പ്രകാരവും ആവശ്യമായ ജീവനക്കാരുടെ എണ്ണം, ലഭ്യമായ ജീവനക്കാരുടെ എണ്ണം, ഒഴിവ് എന്നിങ്ങനെ വേർതിരിച്ച് കണക്കാക്കുകയും പുതിയ ഒഴിവുകൾ കണ്ടെത്തുന്ന പക്ഷം ആയത് സമയബന്ധിതമായി തന്നെ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതുമാണ് നടപടിക്രമം. ബഹു. കോടതി ഉത്തരവുകളുടെ ബലത്തിൽ അമ്പത്തെട്ട് വയസ്സിനുശേഷം സർവീസിൽ തുടരുന്നവരെ ഒഴിവാക്കിയാണ് മേൽ സൂചിപ്പിച്ചതരത്തിൽ ലഭ്യമായ ജീവനക്കാരുടെ എണ്ണം നാളിതുവരെ കണക്കാക്കിയിട്ടുള്ളത് . കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ പെൻഷൻ പ്രായം ഉയർത്തേണ്ടതില്ല എന്നതാണ് സർക്കാർ നയം. ഈ നയത്തിന് അനുസൃതമായ വിശദമായ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം 608 അസിസ്റ്റന്റുമാരേയും 153 ഓഫീസ് അറ്റൻഡന്റുമാരേയും നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ 243 അസിസ്റ്റന്റുമാരേയും 30 ഓഫീസ് അറ്റൻഡന്റുമാരേയും നിയമനത്തിനായി പി.എസ്.സി അഡ്വൈസ് ചെയ്തിട്ടുണ്ട്. ഇവർക്കും ഉടൻ നിയമനം നൽകുന്നതാണ്. |
| (ബി) | പെൻഷൻ പ്രായം കഴിഞ്ഞിട്ടും ജീവനക്കാർ തുടരുന്നതു മൂലം നഷ്ടപ്പെടുന്ന വേക്കൻസികൾ അടിയന്തരമായി പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ.